പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 216 — 15.07.2016-ൽ മറുപടിക്ക്.

## ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള അവകാശങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ജോയി<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.എ.എം. ആരിഫ് | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) വിവിധ ഷോപ്പുകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് 1960-ലെ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള സൗകര്യങ്ങളും അവകാശങ്ങളും പരിരക്ഷയും ലഭിയ്ക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികളിന്മേൽ സംസ്ഥാനത്തെ ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുകയും തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ടി നിയമലംഘനങ്ങൾക്കെതിരെ സ്ഥാപനങ്ങളിൽ സ്ക്വാഡ് ഇൻസ്പെക്ഷൻ, പീരിയോഡിക്കൽ ഇൻസ്പെക്ഷൻ എന്നിവ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്. ഈ വർഷം നാളിതുവരെ വിവിധ തൊഴിൽ നിയമപ്രകാരം 20734 സ്ഥാപന പരിശോധനകളും 3043 പ്രോസിക്യൂഷനുകളും 402 ക്ലെയിം പെറ്റീഷനുകളും ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അധിക കൂലി നൽകാതെ ഇവരെ അധികസമയം ജോലി ചെയ്യിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കേരള കടകളും വാണിജ്യ |

| | |
|---|---|
| ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | സ്ഥാപനങ്ങളും നിയമത്തിലെ സെക്ഷൻ 6, 7 എന്നിവ പ്രകാരമുള്ള നിയമ ലംഘനങ്ങൾക്കെതിരെ മിനിമം വേതന നിയമപ്രകാരം ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) ഇപ്രകാരം തൊഴിൽ നിയമങ്ങൾ പാലിയ്ക്കാത്ത ഷോപ്പ് ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ? | (സി) സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ